ടൈപ്പിസ്റ്റ് 4

2 പേർക്ക്	. .	3 മാസം
ഒരാൾക്ക്	. .	7 മാസം
ഒരാൾക്ക്	. .	2 മാസം

(സി) ചില ഓഫീസുകളിൽ അടിയന്തിര സ്വഭാവമുള്ള അധിക ജോലി സമയബന്ധിതമായി തീർക്കുവാൻ അധിക ജീവനക്കാരുടെ ആവശ്യം വരുമ്പോൾ ഭരണ സൗകര്യാർത്ഥം വർക്കിംഗ് അറേഞ്ചുമെന്റായി ഇൻഫോർമൽ പോസ്റ്റിംഗ് അനുവദിക്കാറുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ആഡിറ്റ് ഓഫീസർമാരുടെ സീനിയോറിറ്റി

29 [1998] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ആഡിറ്റ് ഓഫീസർമാരുടെ സീനിയോറിറ്റി 2004-ൽ എത്ര തവണ പുനർനിർണ്ണയം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രൊമോഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇങ്ങനെ നടത്തിയ പ്രൊമോഷനുകൾ ചട്ടവിരുദ്ധമാണെന്ന് കാണിച്ച് ജീവനക്കാരിൽ നിന്നും ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 തവണ പുനർനിർണ്ണയം ചെയ്തിട്ടുണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 25-3-2004-ലെ ജി.ഒ. (ആർ.റ്റി.) 2091/2004/ഫിൻ. ഉത്തരവനുസരിച്ച് ശ്രീമതി ആർ. ലീലാകുമാരിക്ക് ഡെപ്യൂട്ടി ഡയറക്ടറായി ഉദ്യോഗക്കയറ്റം നൽകി. 27-5-2004-ലെ ജി.ഒ. (ആർ.റ്റി.) 3738/2004/ഫിൻ. ഉത്തരവനുസരിച്ച് ശ്രീ. എം. മുഹമ്മദ് അബ്ദുള്ളയ്ക്ക് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി.

(സി) സീനിയോറിറ്റി പുനർനിർണ്ണയം നടത്തിയതു സംബന്ധിച്ച ഒരു നിവേദനം ഒരു സംഘടനയിൽ നിന്നും ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly